## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2018 22.01.2014 -ൽ മറുപടിക്ക്

### നിരോധിതവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എളമരം കരീം | | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | നിരോധിതവല ഉപയോഗിച്ചുള്ള മത്സ്യബന്ധനം തീരങ്ങളിൽ ധാരാളമായി നടക്കുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ രീതിയിൽ മത്സ്യബന്ധനം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | കണ്ടെത്തിയിട്ടുണ്ട്. നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. കേരള സംസ്ഥാനത്തിന്റെ അധികാര പരിധിയിൽപ്പെടുന്ന തീരക്കടലിൽ ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ പട്രോളിംഗ് ശക്തിപ്പെടുത്തി കർശന നടപടികൾ സ്വീകരിക്കാനും ലൈസൻസ് റദ്ദാക്കി വെസ്സൽ പിടിച്ചെടുത്ത് കണ്ടുകെട്ടുന്നതിനും പിഴ ഈടാക്കുന്നതിനും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ മേൽ നോട്ടത്തിൽ 5 ഫിഷറീസ് സ്റ്റേഷനുകൾ മുഖേന കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഇത്തരം നിരോധിത മാർഗ്ഗങ്ങളിലൂടെയുള്ള മത്സ്യബന്ധനം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടെന്നു വിശദമാക്കുമോ ? | (സി) | നിരോധിത മാർഗ്ഗങ്ങളിലൂടെയുള്ള മത്സ്യബന്ധനം തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ